**മധുരമായ കുട്ടികളേ - ആത്മാവാകുന്ന ജ്യോതിയിൽ ജ്ഞാന-യോഗത്തിന്റെ നെയ്യ് ഒഴിയ്ക്കുകയാണെങ്കിൽ ജ്യോതി തെളിഞ്ഞിരിയ്ക്കും. ജ്ഞാനത്തിന്റെയും യോഗത്തിന്റെയും വ്യത്യാസം നല്ല രീതിയിൽ മനസ്സിലാക്കണം.**

**ചോദ്യം:-** ബാബയുടെ കർത്തവ്യം പ്രേരണയിലൂടെ നടക്കുകയില്ല, ബാബക്ക് ഇവിടെ വരേണ്ടതായി തന്നെ വരുന്നു, എന്തുകൊണ്ട്?
**ഉത്തരം:-** എന്തുകൊണ്ടെന്നാൽ മനുഷ്യരുടെ ബുദ്ധി തീർത്തും തമോപ്രധാനമാണ്. തമോപ്രധാന ബുദ്ധിക്ക് പ്രേരണ പിടിച്ചെടുക്കുവാൻ സാധിക്കില്ല. ബാബ വരുന്നുണ്ട് അതുകൊണ്ടാണ് പറയുന്നത് ആകാശസിംഹാസനം ഉപേക്ഷിച്ച് വന്നാലും...

**ഗീതം:-** ആകാശസിംഹാസനം ഉപേക്ഷിച്ചു വന്നാലും...

**ഓം ശാന്തി**. ഭക്തരാണ് ഈ ഗീതമുണ്ടാക്കിയത്. ഇതിന്റെ അർത്ഥം എത്ര നല്ലതാണ്. പറയുന്നു ആകാശസിംഹാസനം ഉപേക്ഷിച്ചു വന്നാലും. ആകാശം ഇവിടെയാണുള്ളത്. ഇതാണ് വസിക്കാനുള്ള സ്ഥാനം. ആകാശത്തിൽ നിന്ന് ഒരു വസ്തുവും വരുന്നില്ല. ആകാശസിംഹാസനം എന്ന് പറയുന്നു. ആകാശതത്വത്തിൽ നിങ്ങൾ വസിക്കുന്നു, ബാബ വസിക്കുന്നത് മഹത് തത്വത്തിലും. ആത്മാക്കൾ വസിക്കുന്ന സ്ഥാനത്തെ ബ്രഹ്മം അഥവാ മഹത് തത്വം എന്നാണ് പറയുന്നത്. ബാബ വരുന്നതും അവിടെ നിന്നു തന്നെയാണ്. ആരെങ്കിലുമൊരാൾ വരണമല്ലോ? വരൂ ഞങ്ങളുടെ ജ്യോതി തെളിയിക്കൂ എന്ന് പറയുന്നു. പറയാറുണ്ട്, ഒന്ന്, അന്ധന്റെ സന്താനങ്ങൾ അന്ധർ, രണ്ട്, കാഴ്ചയുള്ളവരുടെ സന്താനങ്ങൾ കാഴ്ചയുള്ളവർ. ധൃതരാഷ്ട്രർ, യുധിഷ്ഠിരൻ എന്നിങ്ങനെ പേരുകൾ കാണിക്കുന്നുണ്ട്. ഇവരെല്ലാം രാവണന്റെ സന്താനങ്ങളാണ്. മായയാകുന്ന രാവണനല്ലേ? സർവ്വർക്കും രാവണ ബുദ്ധിയാണ്, നിങ്ങൾക്കിപ്പോൾ ഈശ്വരീയ ബുദ്ധിയാണ്. ബാബ നിങ്ങളുടെ ബുദ്ധിയുടെ പൂട്ടു തുറന്ന് തരികയാണ്. രാവണൻ പൂട്ടുന്നു. ചില കാര്യങ്ങൾ മനസ്സിലാക്കാത്തവരെക്കുറിച്ചു പറയാറുണ്ട് ഇവർ കല്ലുബുദ്ധി തന്നെ. ബാബ വന്നിവിടെ ജ്യോതി തെളിയിക്കുന്നു. പ്രേരണയിലൂടെ കാര്യങ്ങൾ നടക്കില്ല. സതോപ്രധാനമായിരുന്ന ആത്മാവിന്റെ ശക്തി ഇപ്പോൾ കുറഞ്ഞുപോയി, തമോപ്രധാനമായിരിക്കുന്നു. പൂർണ്ണമായും ശക്തിഹീനമായിരിക്കുന്നു. ആരെങ്കിലും മരിക്കുമ്പോൾ ദീപം തെളിയിച്ച് വയ്ക്കാറുണ്ട്. ഈ ദീപം എന്തിനാണ് തെളിയിക്കുന്നത്? ജ്യോതി അണഞ്ഞുപോയി അന്ധകാരം വരാൻ പാടില്ല എന്ന് വിചാരിച്ച് ദീപം തെളിയിക്കുന്നു. ഇവിടെ ജ്യോതി തെളിയിച്ചാൽ അവിടെങ്ങനെ പ്രകാശം വരാനാണ്. ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. ഇപ്പോൾ നിങ്ങൾ സൂക്ഷ്മബുദ്ധിയുള്ളവരായി. ഞാൻ നിങ്ങളെ സ്വച്ഛ ബുദ്ധിയുള്ളവരാക്കുന്നു എന്ന് ബാബ പറയുന്നു. ജ്ഞാനത്തിന്റെ നെയ്യൊഴിക്കുന്നു. ഇതെല്ലാം മനസ്സിലാക്കികൊടുക്കുവാനുള്ള കാര്യങ്ങളാണ്. ജ്ഞാനവും യോഗവും രണ്ടും രണ്ടു കാര്യമാണ്. യോഗത്തിനെ ജ്ഞാനം എന്ന് പറയില്ല. എന്നെ ഓർമ്മിക്കൂ എന്ന ജ്ഞാനം ഭഗവാൻ വന്നുതന്നിട്ടുണ്ട് എന്ന് ചിലർ മനസ്സിലാക്കുന്നു. എന്നാൽ ഇതിനെ ജ്ഞാനം എന്ന് പറയില്ല. ഇവിടെ അച്ഛനും കുട്ടികളുമാണ്. കുട്ടികൾക്കറിയാം ഇതു നമ്മുടെ അച്ഛനാണ്, ഇക്കാര്യത്തിൽ ജ്ഞാനമില്ല. ഇതു കേവലം ഓർമ്മയുടെ കാര്യമാണ്. ബാബ പറയുന്നു എന്നെ ഓർമ്മിച്ചാൽ മാത്രം മതി. ഇത് സാധാരണ കാര്യമാണ്. ഇതിനെ ജ്ഞാനം എന്ന് പറയില്ല. കുട്ടി ജന്മമെടുത്താൽ തീർച്ചയായും അച്ഛനെ ഓർമ്മിക്കുമല്ലോ? ജ്ഞാനം വിസ്താരമുള്ളതാണ്. എന്നെ ഓർമ്മിക്കൂ എന്ന് ബാബ പറയുന്നത് ജ്ഞാനമല്ല. നിങ്ങൾ സ്വയം അറിയുന്നു നമ്മൾ ആത്മാക്കളാണ്, നമ്മുടെ അച്ഛൻ പരമമായ ആത്മാവാണ്, പരമാത്മാവാണ്. ഇതിനെ ജ്ഞാനം എന്ന് പറയുമോ? ബാബയെ വിളിക്കുന്നുണ്ട്. ജ്ഞാനമെന്നാൽ അറിവാണ്. എം. എ യും, ബി എ യും പഠിക്കുന്നവർക്ക് എത്ര പുസ്തകങ്ങൾ പഠിക്കേണ്ടി വരുന്നു. ബാബ പറയുന്നു നിങ്ങൾ എന്റെ കുട്ടികളല്ലേ, ഞാൻ നിങ്ങളുടെ അച്ഛനാണ്. എന്നോടു തന്നെ യോഗം വയ്ക്കൂ അർത്ഥം ഓർമ്മിക്കൂ, ഇതിനെ ജ്ഞാനം എന്ന് പറയില്ല. നിങ്ങൾ കുട്ടികൾ തന്നെയാണ്. നിങ്ങൾ ആത്മാക്കൾ ഒരിക്കലും നശിക്കില്ല. ആരെങ്കിലും മരിച്ചാൽ അവരുടെ ആത്മാവിനെ വിളിക്കാറുണ്ട്, ശരീരം നശിച്ചു പോയല്ലോ. ആത്മാവ് ആഹാരം എങ്ങനെ കഴിക്കും. ഭോജനം ബ്രാഹ്മണൻ തന്നെ കഴിക്കും. എന്നാൽ ഇതെല്ലാം ഭക്തീമാർഗത്തിലെ ആചാര രീതികളാണ്. നമ്മൾ പറഞ്ഞാൽ ഭക്തീ മാർഗം നിലക്കുകയൊന്നുമില്ല. അങ്ങനെ തന്നെ നടക്കും. ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ചാൽ അടുത്തതെടുക്കും.

ജ്ഞാനയോഗത്തിന്റെ വ്യത്യാസം കുട്ടികളുടെ ബുദ്ധിയിൽ സ്പഷ്ടമായിരിക്കണം. എന്നെ ഓർമ്മിക്കൂ എന്ന് ബാബ പറയുന്നത് ജ്ഞാനമല്ല. ഇതു ബാബ തന്ന ഡയറക്ഷനാണ് ഇതിനെയാണ് യോഗം എന്ന് പറയുന്നത്. സൃഷ്ടിചക്രം എങ്ങനെയാണ് കറങ്ങുന്നതെന്നുള്ളതാണ് ജ്ഞാനം. യോഗം അർത്ഥം ഓർമ്മ. കുട്ടികളുടെ കടമയാണ് അച്ഛനെ ഓർമ്മിക്കുക എന്നത്. അത് ലൗകികവും ഇത് പാരലൗകികവുമാണ്. ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ. അപ്പോൾ ജ്ഞാനം വേറെയായി. അച്ഛനെ ഓർമ്മിക്കൂ എന്ന് കുട്ടികളോടു പറയേണ്ടി വരുമോ? ജനിച്ചാൽ പിന്നീട് ലൗകിക അച്ഛനെ ഓർമ്മിക്കും, ഇവിടെ ബാബയെ ഓർമ്മിക്കുവാൻ വേണ്ടി ഓർമ്മിപ്പിക്കേണ്ടി വരുന്നു. ഇവിടെ പരിശ്രമം തോന്നാം. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുക വളരെ പരിശ്രമിക്കേണ്ട കാര്യമാണ്. അതുകൊണ്ടാണ് ബാബ പറയുന്നത് യോഗത്തിലിരിക്കാൻ സാധിക്കുന്നില്ല എന്ന്. കുട്ടികൾ എഴുതാറുണ്ട് – മറന്നു പോയി ബാബാ എന്ന്. ജ്ഞാനം മറന്ന് പോകുന്നു എന്ന് പറയാറില്ല. ജ്ഞാനം വളരെ സഹജമാണ്. ഓർമ്മയെ ജ്ഞാനം എന്ന് പറയില്ല, ഓർമ്മയിൽ മായയുടെ കൊടുങ്കാറ്റ് വളരെയധികം വരുന്നു. ജ്ഞാനത്തിൽ ഒരാൾ വളരെ മിടുക്കനാണ്, നന്നായി മുരളി വായിക്കും, എന്നാൽ ബാബ ഓർമ്മയുടെ ചാർട്ടു ചോദിക്കും എത്ര സമയം ബാബയെ ഓർമ്മിച്ചു എന്ന്? ഓർമ്മയുടെ ചാർട്ട് യഥാർത്ഥ രീതിയിൽ എഴുതി ബാബയെ കാണിക്കൂ. ഓർമ്മ തന്നെയാണ് മുഖ്യമായ കാര്യം. വന്ന് പാവനമാക്കി മാറ്റൂ എന്ന് പറഞ്ഞ് പതീതർ തന്നെയാണ് വിളിക്കുന്നത്. പാവനമാകുന്ന കാര്യമാണ് മുഖ്യമായത്. ഇതിലാണ് മായയുടെ വിഘ്നം വരുന്നത്. ശിവഭഗവാനുവാച: ഓർമ്മിക്കുന്ന കാര്യത്തിൽ സർവ്വരും ദുർബ്ബലരാണ്. മുരളി നല്ല രീതിയിൽ വായിക്കുന്ന പല കുട്ടികളും ഓർമ്മയിൽ ദുർബ്ബലരാണ്. യോഗത്തിലൂടെയാണ് വികർമ്മം വിനാശമാകുന്നത്. യോഗത്തിലൂടെ കർമ്മേന്ദ്രിയങ്ങൾ പൂർണ്ണമായും ശാന്തമാകുന്നു. ഒരു ബാബയെ അല്ലാതെ മറ്റാരെയും, ആരുടെ ദേഹത്തിനെയും ഓർമ്മിക്കരുത്. മുഴുവൻ ലോകവും നശിക്കും നമ്മളിപ്പോൾ നമ്മുടെ വീട്ടിലേക്കു പോവുകയാണെന്ന് ആത്മാവിനറിയാം. പിന്നീട് രാജധാനിയിലേക്കു വരും. സദാ ഇക്കാര്യം ബുദ്ധിയിലുണ്ടായിരിക്കണം. കേൾക്കുന്ന ജ്ഞാനം ആത്മാവിലുണ്ടായിരിക്കണം. യോഗേശ്വരനായ ബാബ ഓർമ്മിക്കുവാൻ പഠിപ്പിക്കുന്നു. യഥാർത്ഥത്തിൽ ഈശ്വരനെ യോഗേശ്വരൻ എന്ന് പറയില്ല. നിങ്ങളാണ് യോഗേശ്വരന്മാർ. ഈശ്വരനായ പിതാവ് പറയുന്നു എന്നെ ഓർമ്മിക്കൂ. ഓർമ്മിക്കുവാൻ പഠിപ്പിക്കുന്നത് ഈശ്വരീയ പിതാവാണ്. നിരാകാരനായ ആ ബാബ ശരീരത്തിലിരുന്ന് കേൾപ്പിക്കുന്നു. കുട്ടികളും ശരീരത്തിലിരുന്ന് കേൾക്കുന്നു. ചിലർ യോഗത്തിൽ പക്വത നേടിയിട്ടില്ല. അൽപ്പം പോലും ഓർമ്മിക്കുന്നതേയില്ല. ജന്മ ജന്മാന്തരത്തെ പാപങ്ങൾക്കെല്ലാം ശിക്ഷ അനുഭവിക്കേണ്ടി വരും. ഇവിടെ വന്നിട്ടു ചെയ്ത പാപങ്ങൾക്ക് നൂറു മടങ്ങ് ശിക്ഷയനുഭവിക്കും. ജ്ഞാനം നല്ലതു പോലെ പറയും എന്നാൽ യോഗമില്ല, അതുകൊണ്ട് പാപം ഭസ്മമാകുന്നില്ല, ദുർബ്ബലരായി തന്നെയിരിക്കുന്നു, അതിനാൽ പരിപൂർണ്ണ സത്യമായ മാല തയാറാക്കിയത് 8 ന്റെയാണ്. നവരത്നങ്ങൾ പ്രസിദ്ധമാണ്, 108 രത്നങ്ങൾ എന്ന് എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ? 108 രത്നങ്ങൾ കൊണ്ടുള്ള ഒരു വസ്തുവും ഉണ്ടാക്കാറില്ല. ഈ കാര്യങ്ങളൊന്നും നല്ലതു പോലെ മനസ്സിലാകാത്തവർ ഒരുപാടുണ്ട്. ഓർമ്മയെ ജ്ഞാനം എന്ന് പറയില്ല. സൃഷ്ടീചക്രത്തെയാണ് ജ്ഞാനം എന്ന് പറയുന്നത്. ശാസ്ത്രങ്ങളിൽ ജ്ഞാനം ഇല്ല, ശാസ്ത്രങ്ങളൊക്കെ ഭക്തീമാർഗത്തിന്റേയാണ്. ബാബ സ്വയം പറയുന്നു ഇതിലൂടെയൊന്നും എന്നെ ലഭിക്കില്ല. സന്യാസിമാരുൾപ്പെടെയുള്ളവരെ ഉദ്ധരിക്കുവാൻ ഞാൻ വരുന്നു. ബ്രഹ്മത്തിൽ ലീനമാകും എന്നവർ വിചാരിക്കുന്നു. ഉദാഹരണമായി ജലത്തിലെ കുമിളകളെ കാണിക്കുന്നു. നിങ്ങളിനി ഇങ്ങനെ വിചാരിക്കില്ല. നമ്മൾ ആത്മാക്കൾ ബാബയുടെ കുട്ടികളാണെന്ന് നിങ്ങൾക്കറിയാം. എന്നെമാത്രം ഓർമ്മിക്കൂ എന്ന അക്ഷരവും പറയുന്നുണ്ട് എന്നാൽ അർത്ഥം മനസ്സിലാക്കുന്നില്ല. നമ്മൾ ആത്മാവാണെന്നെല്ലാം പറയുന്നുണ്ട് എന്നാൽ ആത്മാവെന്താണ്, പരമാത്മാവെന്താണെന്ന് അൽപംപോലും അറിയുന്നില്ല. ബാബ വന്നിതൊക്കെ കേൾപ്പിക്കുന്നു. നമ്മൾ ആത്മാക്കളുടെ വീട് അവിടെ(പരംധാമം) ആണെന്ന് നിങ്ങൾക്കറിയാം. ഓരോ ആത്മാവിനും അവരവരുടെ പാർട്ട് ലഭിച്ചിട്ടുണ്ട്. ആരാണ് സുഖം നൽകുന്നത്, ആരാണ് ദു:ഖം നൽകുന്നത് – ഇതൊന്നും ആർക്കും അറിയില്ല.

ഭക്തി രാത്രിയും ജ്ഞാനം പകലുമാണ്. 63 ജന്മം നിങ്ങൾ കഷ്ടപ്പെട്ടു. പിന്നെ നിങ്ങൾക്ക് ജ്ഞാനം നൽകാൻ എത്ര സമയം എടുക്കുന്നു? സെക്കന്റ്. സെക്കന്റിൽ ജീവന്മുക്തി എന്ന് പാടാറുമുണ്ട്. ഇതു നിങ്ങളുടെ അച്ഛനല്ലേ? പതീത പാവനനാണ്. ബാബയെ ഓർമ്മിക്കുന്നതിലൂടെ നിങ്ങൾ പതീതത്തിൽ നിന്നും പാവനമായി മാറുന്നു. സത്യയുഗം, ത്രേതായുഗം, ദ്വാപരയുഗം, കലിയുഗം ഇതാണ് ചക്രം. പേരുകളെല്ലാം അറിയാം എന്നാൽ കല്ലുബുദ്ധികളായതു കാരണം സമയത്തെക്കുറിച്ചാർക്കും അറിയില്ല. കലിയുഗം മോശമാണെന്ന് മനസ്സിലാക്കുന്നുമുണ്ട്. അഥവാ ഇനിയും കലിയുഗം തുടർന്ന് പോകുകയാണെങ്കിൽ കൂടുതൽ അന്ധകാരം നിറയും അതുകൊണ്ടാണ് പാടുന്നത് – കുംഭകർണ്ണ നിദ്രയിലായിരുന്നപ്പോൾ വിനാശം സംഭവിച്ചു. അൽപം ജ്ഞാനം കേട്ടാലും മതി പ്രജയാകും. ലക്ഷ്മീ

നാരയണന്റെ സ്ഥാനം എവിടെക്കിടക്കുന്നു പ്രജയുടെ സ്ഥാനം എവിടെക്കിടക്കുന്നു. പഠിപ്പിക്കുന്ന ആൾ ഒന്ന് തന്നെയാണ്. ഭാഗ്യം ഓരോരുത്തരുടേതും ഓരോന്നാണ്. ചിലർ സ്കോളർഷിപ്പു നേടുന്നുവെങ്കിൽ ചിലർ തോറ്റു പോകുന്നു. എന്തുകൊണ്ട് രാമന് ബാണം അടയാളമായി കാണിരിച്ചിക്കുന്നത്? കാരണം തോറ്റുപോയി. ഇതും ഗീതാപാഠശാലയാണ്, ചിലർ അൽപം പോലും മാർക്ക് വാങ്ങുവാൻ യോഗ്യരല്ല. ഞാൻ ആത്മാവ് ബിന്ദുവാണ് ബാബയും ബിന്ദുവാണ് ഇങ്ങനെ ബാബയെ ഓർമ്മിയ്ക്കണം. ഈ കാര്യങ്ങളൊന്നും മനസ്സിലാക്കാത്തവർ എന്തു പദവി നേടും. ഓർമ്മിക്കുന്നില്ലെങ്കിൽ വളരെയധികം നഷ്ടം വരും. ഓർമ്മയുടെ ബലം വളരെയധികം അത്ഭുതം ചെയ്യുന്നു കർമ്മേന്ദ്രിയങ്ങൾ പൂർണ്ണമായും ശാന്തവും ശീതളവും ആകുന്നു. ജ്ഞാനത്തിലൂടെ ശാന്തി ലഭിക്കില്ല, യോഗബലത്തിലൂടെ ശാന്തി ലഭിക്കുന്നു. ഞങ്ങൾക്ക് ഗീതാജ്ഞാനം കേൾപ്പിച്ചു തരൂ എന്ന് പറഞ്ഞ് ഭാരതവാസികൾ വിളിക്കുന്നുണ്ട്. അപ്പോൾ ആര് വരും? കൃഷ്ണന്റെ ആത്മാവ് ഇവിടെ തന്നെയുണ്ട്. വിളിച്ചു വരുത്തുന്നതിനായി ആരും സിംഹാസനത്തിലൊന്നും ഇരിക്കുന്നില്ല. ചിലർ പറയാറുണ്ട് ഞങ്ങൾ ക്രിസ്തുവിന്റെ ആത്മാവിനെയാണ് ഓർമ്മിക്കുന്നത്, എന്നാൽ ആ ആത്മാവ് ഇവിടെ തന്നെയുണ്ട്, ക്രിസ്തുവിന്റെ ആത്മാവ് ഇവിടെതന്നെയുണ്ട്, തിരിച്ചു പോകാൻ സാധിക്കില്ല എന്ന് ആരറിയുന്നു. ഒന്നാം നമ്പറായ ലക്ഷ്മീനാരായണൻ പോലും പൂർണ്ണമായും 84 ജന്മമെടുക്കുന്നുവെങ്കിൽ മറ്റുള്ളവർക്കെങ്ങനെ തിരിച്ചു പോകാൻ സാധിക്കും. ഇതെല്ലാം കണക്കുള്ളതല്ലേ? മനുഷ്യർ പറയുന്നതെല്ലാം പൊള്ളത്തരമാണ്. അരകൽപം അസത്യഖണ്ഡവും അരകൽപം സത്യഖണ്ഡവുമാണ്. ഈ സമയത്ത് സർവ്വരും നരകവാസികളാണ്, വീണ്ടും ഭാരതവാസികൾ തന്നെയാണ് സ്വർഗ്ഗവാസികൾ ആകുന്നതെന്ന് എല്ലാവർക്കും മനസ്സിലാക്കി കൊടുക്കണം. മനുഷ്യർ എത്രമാത്രം വേദശാസ്ത്രങ്ങളും ഉപനിഷത്തുകളുമൊക്കെ പഠിക്കുന്നു. ഇതിലൂടെ മുക്തി ലഭിക്കുമോ? ഇറങ്ങുക തന്നെ വേണം. ഓരോ വസ്തുവും സതോ രജോ തമോയിൽ വരിക തന്നെ ചെയ്യും. ന്യൂ വേൾഡ്(പുതിയ ലോകം) എന്ന് പറയുന്നതെന്തിനെയാണെന്നാർക്കും അറിയില്ല. ബാബ സന്മുഖത്തിരുന്ന് ഇതെല്ലാം മനസ്സിലാക്കി തരുന്നു. ദേവീദേവതാ ധർമ്മം ആരെപ്പോൾ സ്ഥാപിച്ചുവെന്ന് ഭാരതവാസികൾക്കറിയില്ല. എത്ര വലിയ ജ്ഞാനിയാണെങ്കിലും ചില കുട്ടികൾ യോഗത്തിൽ തോറ്റുപോകുന്നു. യോഗമില്ലെങ്കിൽ വികർമ്മം വിനാശമാകില്ല, ഉയർന്ന പദവിയും ലഭിക്കില്ല. യോഗത്തിൽ ലഹരിയുള്ളവർക്കേ ഉയർന്ന പദവി ലഭിക്കുകയുള്ളൂ, അവരുടെ കർമ്മേന്ദ്രിയങ്ങൾ പൂർണ്ണമായും ശീതളമാകുന്നു. ദേഹസഹിതം സർവ്വതും മറന്ന് ദേഹീ അഭിമാനിയാകണം. നമ്മൾ അശരീരിയാണ്, ഇപ്പോൾ വീട്ടിലേക്കു പോകണം. എഴുന്നേൽക്കുമ്പോഴും ഇരിക്കുമ്പോഴും മനസ്സിലാക്കണം ഈ ശരീരം ഉപേക്ഷിക്കണം. നമ്മൾ പാർട്ടഭിനയിച്ചു ഇപ്പോൾ വീട്ടിലേക്കു പോകുന്നു. ബാബയിൽ ജ്ഞാനമുണ്ട്, ബാബയ്ക്ക് ആരേയും ഓർമ്മിക്കേണ്ട, ഈ ജ്ഞാനം നമുക്ക് ലഭിച്ചു. നിങ്ങൾ കുട്ടികൾ തന്നെ ഓർമ്മിക്കണം. ബാബയെ ജ്ഞാനസാഗരൻ എന്ന് വിളിക്കുന്നു. യോഗസാഗരൻ എന്ന് പറയില്ലല്ലോ? ചക്രത്തിന്റെ ജ്ഞാനവും കേൾപ്പിക്കുന്നു, തന്റെ പരിചയവും നൽകുന്നു. ഓർമ്മയെ ജ്ഞാനം എന്ന് പറയില്ല. ഓർമ്മ കുട്ടികൾക്ക് സ്വതവേ വരുന്നതാണ്. ഓർമ്മിച്ചേ മതിയാകൂ ഇല്ലെങ്കിൽ സമ്പത്തെങ്ങനെ ലഭിക്കും. അച്ഛനുള്ളവർക്ക് സമ്പത്ത് തീർച്ചയായും ലഭിക്കും. പിന്നീടുള്ളതാണ് ജ്ഞാനം. 84 ജന്മം നമ്മളെങ്ങനെ എടുക്കുന്നു, സതോപ്രധാനത്തിൽ നിന്നും എങ്ങനെ തമോപ്രധാനമാകുന്നു, തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമാകുന്നതെങ്ങനെ ഇതെല്ലാം ബാബ മനസ്സിലാക്കി തരുന്നു. ബാബയുടെ ഓർമ്മയിൽ ഇപ്പോൾ സതോപ്രധാനമാകണം. നിങ്ങൾ ആത്മീയ കുട്ടികൾ ആത്മീയ അച്ഛന്റെ അടുക്കൽ വന്നിരിക്കുമ്പോൾ ബാബക്കും ശരീരം ആധാരമാക്കേണ്ടി വരുന്നു. ഞാൻ വൃദ്ധശരീരത്തിൽ പ്രവേശിക്കുന്നു എന്ന് പറയുന്നു, ഇദ്ദേഹവും വാനപ്രസ്ഥാവസ്ഥയാണ്. ബാബ വരുമ്പോൾ മുഴുവൻ സൃഷ്ടിയുടേയും മംഗളം ഉണ്ടാകുന്നു. ഇതാണ് ഭാഗ്യശാലി രഥം ഇതിലൂടെ എത്ര സേവനമാണ് നടക്കുന്നത്. ശരീരത്തിന്റെ ബോധം ഉപേക്ഷിക്കുന്നതിന് വേണ്ടി ഓർമ്മിക്കണം. ഇതിൽ ജ്ഞാനത്തിന്റെ കാര്യമില്ല. ഓർമ്മിക്കുവാൻ കൂടുതൽ പഠിപ്പിക്കുന്നു. ജ്ഞാനം സഹജമാണ്, ചെറിയ കുട്ടിക്കു പോലും കേൾപ്പിക്കുവാൻ സാധിക്കും. ബാബയെ ഓർമ്മിക്കുവാനാണ് പരിശ്രമം. ഒരാളെ മാത്രം ഓർമ്മിക്കണം ഇതിനെയാണ് അവ്യഭിചാരി ഓർമ്മ എന്ന് പറയുന്നത്. ആരുടേയെങ്കിലും ശരീരത്തെ ഓർമ്മിക്കുന്നതിനെയാണ് വ്യഭിചാരി ഓർമ്മ എന്ന് പറയുന്നത്. ഓർമ്മയിലൂടെ സർവ്വരെയും മറന്ന് അശരീരിയാകണം.

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഓർമ്മയുടെ ബലത്തിലൂടെ തന്റെ കർമ്മേന്ദ്രിയങ്ങളെ ശീതളവും ശാന്തവുമാക്കണം. ഫുൾ പാസ്സാകുന്നതിന് വേണ്ടി യഥാർത്ഥ രീതിയിൽ ബാബയെ ഓർമ്മിച്ച് പാവനമാകണം.

2) എഴുന്നേൽക്കുമ്പോഴും ഇരിക്കുമ്പോഴും ബുദ്ധിയിലുണ്ടായിരിക്കണം നമുക്ക് ഈ പഴയ ശരീരം ഉപേക്ഷിച്ച് വീട്ടിലേക്കു മടങ്ങണം. ബാബയിൽ പൂർണ്ണ ജ്ഞാനമുള്ളതു പോലെ മാസ്റ്റർ ജ്ഞാനസാഗരമാകണം.

## വരദാനം:- കമ്പൈന്റ് സ്വരൂപത്തിന്റെ സ്മൃതിയിലൂടെ ശ്രേഷ്ഠസ്ഥിതിയുടെ സീറ്റിൽ സെറ്റായിരിക്കുന്ന സദാ സമ്പന്നരായി ഭവിക്കട്ടെ.

സംഗമയുഗത്തിൽ ശിവശക്തി കമ്പൈന്റ് സ്വരൂപത്തിന്റെ സ്മൃതിയിൽ ഇരിക്കുന്നതിലൂടെ ഓരോ അസംഭവ്യമായ കാര്യവും സംഭവ്യമാകുന്നു. ഇത് തന്നെയാണ് സർവ്വശ്രേഷ്ഠ സ്വരൂപം. ഈ സ്വരൂപത്തിൽ സ്ഥിതി ചെയ്യുന്നതിലൂടെ സമ്പന്നരായി ഭവിക്കട്ടെ എന്ന വരദാനം പ്രാപ്തമാകുന്നു. ബാപ്ദാദ സർവ്വ കുട്ടികൾക്കും സദാ സുഖദായി സ്ഥിതിയുടെ സീറ്റ് നൽകുന്നു. സദാ ഈ സീറ്റിൽ തന്നെ സെറ്റായിരിക്കുകയാണെങ്കിൽ അതീന്ദ്രിയ സുഖത്തിന്റെ ഊഞ്ഞാലിൽ ആടിക്കൊണ്ടിരിക്കാം, കേവലം വിസ്മൃതിയുടെ സംസ്കാരം സമാപ്തമാക്കൂ.

## സ്ലോഗൻ:- ശക്തിശാലിയായ ആന്തരീക മനോഭാവത്തിലൂടെ ആത്മാക്കളെ യോഗ്യരും യോഗികളുമാക്കി മാറ്റൂ.

**അവ്യക്ത സൂചനകൾ- ഏകാന്തപ്രിയരാകൂ ഏകതയും ഏകാഗ്രതയും സ്വായത്തമാക്കൂ.**
ഏകമതത്തിന്റെ വായുമണ്ഡലം അപ്പോഴാണ് ഉണ്ടാവുക എപ്പോഴാണോ അഡ്ജസ്റ്റ് ചെയ്യുന്നതിന്റെ ശക്തി ഉള്ളത്. അതിനാൽ ഭിന്നതയെ അഡ്ജസ്റ്റ് ചെയ്യൂ അപ്പോൾ പരസ്പരം ഏകതയിലൂടെ സമീപത്ത് വന്നുചേരും, മാത്രമല്ല സർവ്വരുടെയും മുമ്പാകെ മാതൃകയായി മാറും. ബ്രാഹ്മണ പരിവാരത്തിന്റെ വിശേഷതയാണ്- അനേകതയിലും ഏകത. ഈ ഏകതയുടെ വൈബ്രേഷൻ മുഴുവൻ വിശ്വത്തിലും ഒരു ധർമ്മം, ഒരു രാജ്യത്തിന്റെ സ്ഥാപന ചെയ്യും. അതിനാൽ വിശേഷ ശ്രദ്ധ കൊടുത്ത് ഭിന്നത വെടിഞ്ഞ് ഏകത കൊണ്ടുവരണം.